# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **10.03.2020-ൽ മറുപടി നൽകേണ്ടത്**

**നിയമസഭാ ചോദ്യം നമ്പർ. 1734**

## കേരള പോലീസ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ

| **ചോദ്യം**<br>**ശ്രീ.സി.കെ.ശശീന്ദ്രൻ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി)** |
|---|---|---|
| (എ) കേരള പോലീസ് മിനിസ്റ്റീരിയൽ വിഭാഗത്തിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അർഹതപ്പെട്ട പത്ത് ശതമാനം പ്രൊമോഷൻ ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണ-ങ്ങൾ വിശദമാക്കാമോ ;<br>(ബി) എന്ന് മുതൽ ഇത്തരം ജീവനക്കാർക്ക് പ്രൊമോഷൻ നൽകാനാകും; വിശദമാക്കാമോ? | എ<br>&<br>ബി | പോലീസ് വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ ജില്ലാതല സംയോജിത സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ എൽ.ഡി ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക-കളിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകു-ന്നതിനെതിരെ സമർപ്പിക്കപ്പെട്ട OA2257/17-ന്റെ അന്തിമവിധി വരുന്നതുവരെ തസ്തികമാറ്റ നിയമനങ്ങൾ നിർത്തി വയ്ക്കാൻ നിർദ്ദേശം നൽ കിയിരുന്നു. എന്നാൽ തസ്തികമാറ്റ നിയമ-നങ്ങൾ അനന്തമായി നീണ്ടു പോകുന്നതായി ശ്രദ്ധയിൽപെട്ടതിനെത്തുടർന്ന് തസ്തികമാറ്റ നിയമനം നിലവിൽ കോടതികളിലും ട്രൈബ്യൂണ ലുകളിലും നിലവിലുള്ള കേസുകളുടെ ഇടക്കാല/ അന്തിമവിധിയ്ക്ക് വിധേയമായിരിക്കും എന്ന വ്യവസ്ഥയിൽ പോലീസ് വകുപ്പിൽ തസ്തികമാറ്റ നിയമനം നടത്തുന്നതിന് സർക്കാർ അനുവാദം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഒഴിവുള്ള LD ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ 30/01/2020 തീയതിയിലെ DGO 189/2020/PHQ പ്രകാരം താത്കാലിക നിയമനം നൽകിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**